# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.196 | 25/04/2017 ൽ മറുപടിക്ക് |
|---|---|

## വി.എ.അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഹൈബി ഈഡൻ** | | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിന്റെ പേരിൽ മുൻമുഖ്യമന്ത്രി ശ്രീ. വി.എസ്. അച്യുതാനന്ദന്റെ മകൻ ശ്രീ വി.എ. അരുൺകുമാറിനെതിരെ കേസ് എടുക്കുവാൻ വിജിലൻസ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കേസുകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) യും (ബി) യും | ശ്രീ വി.എ. അരുൺകുമാറിനെതിരെയുള്ള ആരോപണങ്ങളിൻമേൽ രേഖാമൂലമുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനം നടത്തിയെന്ന ആരോപണത്തിൽ കഴമ്പില്ലെന്ന് വിജിലൻസ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ട അവശ്യകതയില്ല. |
| (ബി) | ഇത് സംബന്ധിച്ച് വിജിലൻസിന് നിയമ വകുപ്പിന്റെ ഉപദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | | |
| (സി) | ശ്രീ വി.എ അരുൺകുമാറിനെ ഐ.സി.ടി. അക്കാദമി ഡയറക്ടറായി നിയമിച്ചതിനും ഐ.എച്ച്.ആർ.ഡി.യിൽ സ്ഥാനക്കയറ്റം നല്കിയതിനും പിന്നിൽ ക്രമക്കേട് ഉണ്ട് എന്ന വി.ഡി. സതീശൻ അദ്ധ്യക്ഷനായ നിയമസഭാ പ്രത്യേക സമിതിയുടെ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ? | (സി) | ശ്രീ.വി.ഡി. സതീശൻ അദ്ധ്യക്ഷനായ നിയമസഭാ പ്രത്യേക സമിതിയുടെ റിപ്പോർട്ടിന്മേൽ വി.ഇ.02/12/എസ്.ഐ.യു-II നമ്പരായി ഒരു വിജിലൻസ് എൻക്വയറി നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വി.സി 01/15/എസ്.ഐ.യു-II നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ